**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479** **02-02-2023 - ല്‍ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ജി.എച്ച്.എസിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രന്‍ | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവണ്‍മെന്റ് എച്ച്.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി 'കൈറ്റ്' മേല്‍നോട്ടം നിര്‍വ്വഹിച്ച് നടത്തുന്ന പ്രവര്‍ത്തികള്‍ക്കൊപ്പം മണ്ഡലം ആസ്തിവികസന ഫണ്ടില്‍ നിന്നും 81 ലക്ഷം രൂപ അനുവദിച്ച് കെട്ടിടനിര്‍മ്മാണം നടത്തുന്നതിനായി നിശ്ചയിച്ചിരുന്നുവെങ്കിലും, ടെണ്ടര്‍ പ്രകാരമുള്ള പ്രവൃത്തികള്‍ പൂര്‍ത്തിയാക്കിയതായി പി.എം.സിയായ ഡബ്ല്യൂ.എ.പി.സി.ഒ.എസ് (വാപ്കോസ്) അറിയിക്കുകയും ബാക്കിപ്രവൃത്തികള്‍ ഏറ്റെടുക്കാന്‍ കഴിയില്ലെന്ന് 'കൈറ്റ്' നിലപാടെടുക്കുകയും ചെയ്തതിനാല്‍ ആസ്തി വികസന ഫണ്ടായ 81 ലക്ഷം രൂപ തിരികെ നല്‍കുന്നതിന് ആവശ്യമായ നടപടികള്‍ അടിയന്തിരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ) | പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവണ്‍മെന്റ് എച്ച്.എസ്.എസിന്റെ പ്രവര്‍ത്തി നിലവില്‍ പൂര്‍ത്തീകരിച്ചിട്ടുണ്ട്. ടി സ്കൂള്‍ കിഫ്ബി ഫണ്ടായ 3 കോടി രൂപ ഉപയോഗപ്പെടുത്തി പദ്ധതി നിര്‍വ്വഹണ ഏജന്‍സിയായ കൈറ്റ് വഴിയാണ് പൂര്‍ത്തികരിച്ചത്. മണ്ഡലം ആസ്തി വികസന ഫണ്ടില്‍ നിന്നും അനുവദിച്ച 81 ലക്ഷം രൂപ കിഫ്ബിയില്‍ ലഭ്യമായിട്ടുണ്ട്. ടി തുക പ്രസ്തുത പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്തേണ്ടതില്ലാത്ത പക്ഷം, തിരികെ നല്‍കാനുള്ള നടപടികള്‍ കിഫ്ബി സ്വീകരിക്കുന്നതാണ് |

സെക്ഷന്‍ ഓഫീസര്‍